സർക്കാർ ജീവനക്കാരുടെ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ

18 (1840) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ആയതിനുള്ള സാഹചര്യം വെളിപ്പെടുത്താമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

കേരള സർക്കാർ ജീവനക്കാർക്ക് നിലവിൽ അവരുടെ പെരുമാറ്റ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നിയന്ത്രണങ്ങളല്ലാതെ യാതൊരുവിധ നിയന്ത്രണവും പുതുതായി ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഒരു ജീവനക്കാരന് ദൂരദർശനിലും ആകാശവാണിയിലും അനൗൺസിംഗ് നടത്തുന്നതിനും വാർത്തകൾ വായിക്കുന്നതിനും സ്വകാര്യ ഏജൻസികളാൽ സ്പോൺസർ ചെയ്യപ്പെടാത്ത ദൂരദർശൻ പരിപാടികളിൽ പങ്കെടുക്കുന്നതിനും അതിന് പ്രതിഫലം പറ്റുന്നതിനും 16-5-1991-ലെ G.O.(P)17/91/P&ARD, 3-7-2002-ലെ G.O.(P) 33/02/P&ARD എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം അനുവാദമുണ്ട്. എന്നാൽ പ്രതിഫലം കൈപ്പറ്റി സ്വകാര്യ ടി.വി. ചാനലുകളിൽ വാർത്ത വായിക്കുന്നതിനോ പരിപാടികൾ അവതരിപ്പിക്കുന്നതിനോ സിനിമ, നാടകം എന്നിവയിൽ അഭിനയിക്കുന്നതിനോ അതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനം നടത്തുന്നതിനോ വാണിജ്യാ അടിസ്ഥാനത്തിൽ പുസ്തകം പബ്ലിഷ് ചെയ്യുന്നതിനോ അത്തരം സംരംഭത്തിൽ പങ്കാളിയാകുന്നതിനോ നിലവിൽ വ്യവസ്ഥയില്ല. കോട്ടയം ജില്ലയിലെ കോത്തല ഗവ. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ ഹൈസ്കൂൾ അസിസ്റ്റന്റായ (ഹിന്ദി) ശ്രീമതി എസ്. സരളാംബിക വിദ്യാർത്ഥികളുടെ കൈയക്ഷരം മെച്ചപ്പെടുത്തുന്നതിന് സഹായകമായ ഒരു ഹിന്ദി കോപ്പി റൈറ്റിംഗ് ബുക്ക് പ്രസിദ്ധീകരിക്കുന്നതിന് ഒരപേക്ഷ സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ടി അപേക്ഷയിലെ ആവശ്യം അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ സർക്കാരിലെ പൊതുവിദ്യാഭ്യാസ വകുപ്പ് അപേക്ഷ ആദ്യം നിരസിക്കുകയാണുണ്ടായത്. വിദ്യാർത്ഥികളുടെ കൈയക്ഷരം മെച്ചപ്പെടുത്തുന്നതിന് സഹായകമായ ഒരുപാധി എന്ന പൊതുതാൽപര്യം പരിഗണിച്ച് ടി അദ്ധ്യാപികയ്ക്ക് പിന്നീട് പ്രത്യേകാനുമതി നൽകുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

29-5-2014-ലെ സ.ഉ.(സാ) നമ്പർ 2110/2014/പൊ.വി.വ പ്രകാരം ചെയ്തത്. കേരളാ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിൽ ഭൂരിഭാഗവും 1960 കാലഘട്ടത്തിൽ രൂപംകൊടുത്തതാണ്. മേൽപ്പറഞ്ഞ പ്രത്യേകാനുമതി നൽകിയ കേസ്സുകളിലെപ്പോലെ ജനോപകാരപ്രദമായ സംരംഭങ്ങളിൽ പ്രത്യേകാനുവാദമല്ലാതെ എല്ലാ ജീവനക്കാർക്കും ബാധകമാകുന്ന ഒരു പൊതുവ്യവസ്ഥ രൂപീകരിക്കണമെന്നും ഔദ്യോഗിക കൃത്യനിർവ്വഹണം എന്ന പ്രാഥമിക ചുമതലയിൽ വീഴ്ചവരുത്താതെ, നിലവിലുള്ള പെരുമാറ്റചട്ടത്തിന് അനുസൃതമായി ഉദ്യോഗസ്ഥരെ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ മുഴുകുന്നതിന് അനുവദിക്കണമെന്നുമുള്ള സദുദ്ദേശ്യത്തോടെയാണ് സംസ്ഥാന ജീവനക്കാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും സ്വകാര്യ റേഡിയോ/ടി.വി. ചാനലുകളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനും സിനിമ, സീരിയൽ/പ്രൊഫഷണൽ നാടകം എന്നിവയിൽ അഭിനയിക്കുന്നതിനും അനുവാദം നൽകിക്കൊണ്ട് 11-11-2015-ൽ G.O.(P)28/15/ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ജീവനക്കാരെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ അനുവദിക്കുമ്പോൾ അത് ടി ജീവനക്കാരന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തെ ഏതെങ്കിലും വിധത്തിൽ പ്രതികൂലമായി ബാധിക്കുമോ, ജീവനക്കാരൻ സർഗ്ഗാത്മക പ്രവർത്തനത്തിന് നൽകുന്ന അനുവാദം ഒരു ട്രേഡ്/ബിസിനസ് നടത്തുന്നതിനായി ദുരുപയോഗപ്പെടുത്തുമോ, പുസ്തക പ്രസിദ്ധീകരണം നിലവിലെ പെരുമാറ്റ ചട്ടത്തിന് അനുസൃതമായാണോ നിർവ്വഹിച്ചിരിക്കുന്നത് എന്നിങ്ങനെയുള്ള ന്യായമായ പരിശോധന മെറിറ്റടിസ്ഥാനത്തിൽ നടത്തണമെന്ന് മാത്രമേ ടി ഉത്തരവിൽ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളൂ. എന്നിരുന്നാലും ഈ ഉത്തരവ് സംബന്ധമായി വന്ന വിമർശനങ്ങളെത്തുടർന്ന് ടി ഉത്തരവിന്റെ പ്രവർത്തനം 24-11-2015-ലെ സ.ഉ.(പി)32/2015/ഉ.ഭ.പ.വ. പ്രകാരം സർക്കാർ മരവിപ്പിച്ചിരിക്കുകയാണ്.

സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾ

19 (1841) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾക്ക് കടുത്തനിയന്ത്രണം വരുത്തിക്കൊണ്ട് പെരുമാറ്റചട്ടം ഭേദഗതിചെയ്ത് ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) പ്രസ്തുത ഭേദഗതി ഉത്തരവ് ഇറക്കാനുണ്ടായ പ്രത്യേക സാഹചര്യം എന്താണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly